**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1125** **09-10-2024 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ പുനർഗേഹം പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പുനർഗേഹം പദ്ധതിയിൽ അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ എത്ര ഗുണഭോക്താക്കളാണ് ഉള്ളത്; ഇവരിൽ ആനുകൂല്യം ലഭിച്ചവർ എത്രപേരുണ്ട്; വിശദമാക്കാമോ; | (എ) | പുനർഗേഹം പദ്ധതിയിൽ അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ 1766 കുടുംബങ്ങളാണ് അൻപത് മീറ്റർ പരിധിയിൽ അധിവസിക്കുന്നത്. ഇതിൽ 488 ഗുണഭോക്താക്കൾ പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയിട്ടുണ്ട്. |
| (ബി) | ഇവർക്കായി നിർമ്മിക്കുന്ന ഫ്ലാറ്റിന്റെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം; ഫ്ലാറ്റിൽ എത്ര ഗുണഭോക്താക്കൾക്കാണ് സൗകര്യം ലഭിക്കുക; എന്നത്തേക്ക് ഇത് കൈമാറാൻ കഴിയുമെന്ന് അറിയിക്കാമോ; വിശദമാക്കാമോ ? | (ബി) | അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന മണ്ണുംപുറം ഭവന സമുച്ചയ പദ്ധതി പുരോഗമിച്ചു വരികയാണ്. സിവിൽ പ്രവൃത്തികൾ പൂർത്തീകരണഘട്ടത്തിലാണ്. 204 വ്യക്തിഗത ഫ്ലാറ്റുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചു വരുന്നത്. 2025 മാർച്ച് മാസത്തോടെ പദ്ധതി പൂർത്തീകരിക്കുന്നതിനാണ് നിലവിൽ ഉദ്ദേശിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ